(ഡി) എവിടെയാണ് ഇത് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(ഇ) വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ടെക്നിക്കൽ സ്കൂൾ ഈ വർഷം തന്നെ ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-7-2004-ലെ സ.ഉ. (എംഎസ്.) 77/02/ഉ.വി.വ. ഉത്തരവു പ്രകാരമാണ് അംഗീകാരം നൽകിയത്.

(സി—ഇ) സ്കൂൾ സ്ഥാപിക്കുവാൻ ആവശ്യമായ 2 ഏക്കർ സ്ഥലവും താൽക്കാലിക കെട്ടിടവും സ്പോൺസറിംഗ് കമ്മിറ്റി ഐ.എച്ച്.ആർ.ഡി.-യ്ക്ക് സൗജന്യമായി നൽകിയാൽ മാത്രമേ പ്രസ്തുത സ്കൂൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിലേയ്ക്ക് ഐ.എച്ച്.ആർ.ഡി. ആവശ്യപ്പെട്ടിരുന്ന ഇരഞ്ഞിപ്പാലം ഗവൺമെന്റ് സ്കൂൾ കെട്ടിടത്തിൽ മാറാട് കേസുമായി ബന്ധപ്പെട്ട പ്രത്യേക കോടതി സ്ഥാപിച്ചിരിക്കുന്നതിനാൽ ഐ.എച്ച്.ആർ.ഡി. സ്കൂൾ സ്ഥാപിക്കുവാൻ കെട്ടിടം വിട്ടുകൊടുക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം ഐ.എച്ച്.ആർ.ഡി.-യെ അറിയിച്ചിട്ടുണ്ട്. അതിനുശേഷം തിരുത്തിയാട് എൽ.പി. സ്കൂളിനോടു ചേർന്ന് റവന്യൂ വകുപ്പ് കെട്ടിടം വിട്ടുകൊടുക്കണമെന്ന് ഐ.എച്ച്.ആർ.ഡി.-യുടെ അപേക്ഷയിന്മേൽ ജില്ലാ കളക്ടർ തീരുമാനമെടുത്തിട്ടില്ല.

(എഫ്) റവന്യൂ വകുപ്പ് വക കെട്ടിടം വിട്ടുകിട്ടുകയാണെങ്കിൽ പ്രസ്തുത സ്കൂൾ അടുത്ത അദ്ധ്യയന വർഷം തന്നെ ആരംഭിക്കുന്നതാണ്.

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കാൻ നടപടി

93 [3268] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള അപകടങ്ങൾക്കാണ് ഇൻഷ്വറൻസ് സംരക്ഷണം ലഭ്യമാക്കുന്നതെന്നും എത്ര തുക ലഭിക്കുന്നുവെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003-2004 അദ്ധ്യയന വർഷത്തിൽ കണ്ണൂർ ജില്ലയിലെ കോറോം ഗവൺമെന്റ് ഹൈസ്കൂളിൽ 8-ാം തരത്തിൽ പഠിച്ചിരുന്ന പി. ഷിജു 26-12-2003-ന് വെള്ളത്തിൽ വീണ് മരിച്ചതിനെ തുടർന്ന് ഇൻഷ്വറൻസ് ആനുകൂല്യത്തിന് വേണ്ടി കുട്ടിയുടെ പിതാവ് ശ്രീ. മോഹനൻ സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇൻഷ്വറൻസ് ആനുകൂല്യം അദ്ദേഹത്തിന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അപകട മരണങ്ങൾക്കും അപകടം മൂലം ഉണ്ടാകുന്ന അംഗവൈകല്യങ്ങൾക്കും ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കും. അപകടങ്ങൾക്ക് അനുവദിക്കുന്ന തുകകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 2003-2004 അദ്ധ്യയന വർഷത്തിൽ കണ്ണൂർ ജില്ലയിലെ കോറോം ഗവൺമെന്റ് ഹൈസ്കൂളിൽ 8-ാം തരത്തിൽ പഠിച്ചിരുന്ന പി. ഷിജു 26-12-2003-ന് വെള്ളത്തിൽ വീണ് മരിച്ചതിനെ തുടർന്ന് ഇൻഷ്വറൻസ് ആനുകൂല്യത്തിനുവേണ്ടി കുട്ടിയുടെ പിതാവ് ശ്രീ. മോഹനൻ സമർപ്പിച്ച അപേക്ഷയിൽമേൽ ആവശ്യമായ നടപടി കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് ഇൻഷ്വറൻസ് തുക നൽകുന്നതിനായി അനുവദിച്ചിരുന്ന തുക മുഴുവൻ നൽകിക്കഴിഞ്ഞു. ട്രഷറി നിയന്ത്രണം നിലനിൽക്കുന്നതിനാലാണ് കൂടുതൽ തുക നൽകുന്നതിന് കഴിയാതിരുന്നത്. ഇൻഷ്വറൻസ് തുക ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കോറോം ഗവൺമെന്റ് ഹൈസ്കൂളിലെ വിദ്യാർത്ഥിയായിരുന്ന പി. ഷിജു വെള്ളത്തിൽ വീണ് മരണമടഞ്ഞതിനെ തുടർന്ന് ഇൻഷ്വറൻസ് തുകയ്ക്കുള്ള അപേക്ഷ 25-3-2003-ൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭിച്ചു. 27-4-2004-ൽ തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് തുക നൽകുന്നതിനായി കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ചിരുന്ന തുക മുഴുവനായി നൽകി കഴിഞ്ഞു. അവശേഷിക്കുന്ന ഇൻഷ്വറൻസ് തുക നൽകുന്നതിന് ആവശ്യമായ തുക ഉടൻ തന്നെ കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly